പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 477 — 20. 10.11 ൽ മറുപടിയ്ക്ക്

## ജലാശയങ്ങളിലെ അപകടങ്ങളിൽ നിന്നും രക്ഷനേടാൻ മുൻകരുതലുകൾ

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ

ശ്രീ. ഹൈബി ഈഡൻ

ശ്രീ.എ.റ്റി.ജോർജ്

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. കെ.ബാബു

( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | ജലയാനങ്ങളിലെ ജീവനക്കാർ/ ഡ്രൈവേഴ്സ് എന്നിവർക്ക് സർക്കാർ തലത്തിൽ പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; | എ | ഉണ്ട്. |
| ബി | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | ബി | കേരളത്തിലെ എല്ലാ ഉൾനാടൻ ജലയാനങ്ങളിലെ ജീവനക്കാർക്കും 4 ദിവസത്തെ പരിശീലനം നീണ്ടകരയിലെ തുറമുഖ വകുപ്പിന്റെ കീഴിലുള്ള കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിർബന്ധമാക്കിയിട്ടുണ്ട്. |
| സി | ജലാശയങ്ങളിലെ അപകടങ്ങളിൽ നിന്ന് രക്ഷ നേടാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | സി | സംസ്ഥാനത്തെ ഉൾനാടൻ ജലയാനങ്ങളുടെ സർവ്വേ, രജിസ്ട്രേഷൻ, ലൈസൻസിംഗ് എന്നിവ നിർബന്ധമാക്കിക്കൊണ്ടുള്ള കേരള ഇൻലാന്റ് വെസ്സൽസ് റൂൾസ് 2010 സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടമനുസരിച്ച് ഉൾനാടൻ ജലയാനങ്ങളുടെ സർവ്വേ, രജിസ്ട്രേഷൻ, ലൈസൻസിംഗ് എന്നിവ തുറമുഖ വകുപ്പ് ചെയ്തുവരുന്നു.<br>സംസ്ഥാനത്തെ ജലാശയങ്ങളിൽ അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഒരു റെസ്ക്യൂ /ഡൈവേഴ്സ് ടീമിനെ ബന്ധപ്പെട്ട ജില്ലകളിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വേമ്പനാട് കായലിൽ ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തി ചാനലുകൾ അടയാളപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്.<br>കൂടാതെ തേക്കടി, മാട്ടുപ്പെട്ടി, ആലപ്പുഴ, കുമരകം, കൊച്ചി കായൽ, മലമ്പുഴ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഒരു സേഫ്റ്റി ഓഫീസറെ നിയമിക്കാനും, അവർക്ക് വേണ്ട പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.<br>ചങ്ങാടങ്ങൾ, കടത്തുവഞ്ചികൾ, യാട്ടുകൾ തുടങ്ങി യന്ത്രവൽകൃതമല്ലാത്ത എല്ലാ ജലയാനങ്ങൾക്കും കൂടി അടുത്ത 6 മാസത്തിനുള്ളിൽ സർവ്വേ നടത്തി രജിസ്ട്രേഷൻ നിർബന്ധമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ